പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1007

**05.02.2020** -ലെ മറുപടിയ്ക്ക്

**തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം. ജോൺ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് വച്ച് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br><br>ബി)ഇതിനകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം വീട് നൽകിയെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;<br><br>സി) തോട്ടം തൊഴിലാളികളുടെ ജീവിതസാഹചര്യം ഏറ്റവും പ്രയാസം നിറഞ്ഞതും അവർക്ക് താമസിക്കുവാൻ നൽകിയിട്ടുള്ള എസ്റ്റേറ്റ് ലയങ്ങൾ പരിതാപകരമായ സ്ഥിതിയിലുള്ളതു മായതിനാൽ ഇവർക്കായി പ്രത്യേക ഭവനപദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) യും (ബി) യും (സി) യും ഭവനരഹിതരും, ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവനം നിർമ്മിച്ച് നൽകുന്ന പ്രത്യേക ഭവന പദ്ധതി ഇടുക്കി ജില്ലയിലെ മൂന്നാറിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച 10 വീടുകളിൽ, 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരി 12 ന് ഉപഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. |
| ഡി) തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ സ്ഥലം ഏറ്റെടുത്ത് ഭൂരഹിതരായ തോട്ടം തൊഴിലാളികളുടെ ഭവനപദ്ധതിക്കായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഡി) നിലവിൽ പരിഗണനയിലില്ല. |

Anisha

**സെക്ഷൻ ഓഫീസർ**